WEBSITE: www.keralapsc.gov.in
Telephone : 0471-2546250/224
E-MAIL: kpsc.psc@kerala.gov.in

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: Estt. I A5/50002/2018-KPSC
Old File No. ESTT I Add(5)7314-16-GW

തിരുവനന്തപുരം,
തീയതി: 27.09.2022

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തെ ആസ്ഥാന ആഫീസ് കാമ്പസിനുള്ളിൽ സൂക്ഷിച്ചിട്ടുള്ള താഴെപ്പറയുന്ന സാധന സാമഗ്രികൾ 18.10.2022 ഉച്ചയ്ക്കുശേഷം **3.30** മണിക്ക് മത്സരാധിഷ്ഠിത ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ വിൽപന നടത്തുന്നതാണ്.

(a) പഴയ ഹൈഡ്രോളിക് കമ്പ്യൂട്ടർ കസേരകൾ 60- എണ്ണം

(b) പഴയ സ്റ്റീൽ അലമാരകൾ 10 എണ്ണം

(c) പഴയ ഇരുമ്പ് റാക്കുകൾ 05 എണ്ണം

**നിബന്ധനകൾ:-**

1 ക്വട്ടേഷൻ സമർപ്പിക്കാൻ താല്പര്യമുള്ളവർക്ക് 17/10/2022 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ആഫീസ് കാമ്പസിനുള്ളിൽ ലേല സാമഗ്രികൾ നേരിൽ കണ്ട് പരിശോധിക്കാവുന്നതാണ്.

2 മുകളിൽ സൂചിപ്പിച്ചിട്ടുള്ള (a) പഴയ ഹൈഡ്രോളിക് കമ്പ്യൂട്ടർ കസേരകൾക്ക് പ്രത്യേകമായും (b) പഴയ സ്റ്റീൽ അലമാരകൾക്ക് പ്രത്യേകമായും (c) പഴയ ഇരുമ്പ് റാക്കുകൾക്ക് പ്രത്യേകമായും മതിപ്പ് വില രേഖപ്പെടുത്തേണ്ടതാണ്. (a)യ്ക്കും (b) യ്ക്കും (c)യ്ക്കും പ്രത്യേകമായി വിലകൾ രേഖപ്പെടുത്തി ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. (a) മുതൽ (c) വരെയുള്ള ഇനങ്ങൾക്ക് ആകെ 2000/- രൂപയുടെ നിരതദ്രവ്യം തിരുവനന്തപുരത്ത് മാറാവുന്ന വിധം "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ " എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് ക്വട്ടേഷനുകളോടോപ്പം സമർപ്പിക്കേണ്ടതാണ്.

3 മുദ്രവച്ച ക്വട്ടേഷനുകൾ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ 18/10/2022 വൈകുന്നേരം 2 മണിയ്ക്കുള്ളിൽ ഈ ആഫീസിൽ ലഭിക്കത്തക്ക വിധം തപാൽ മാർഗ്ഗമോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

4 നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

5 ഡിമാൻ്റ് ഡ്രാഫ്റ്റുകൾ ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

6 18/10/2022 ഉച്ചയ്ക്കുശേഷം 3.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികളുടെ ക്വട്ടേഷനുകൾ സ്വീകരിച്ച് ബന്ധപ്പെട്ട ലേല സാമഗ്രികൾ നൽകുന്നതുമായിരിക്കും. മറ്റുള്ളവർക്ക് നിരതദ്രവ്യത്തിൻ്റെ ഡിമാൻ്റ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതുമാണ്.

7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലെ ജീവനക്കാർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

8 ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

9 വിവരങ്ങൾക്ക് 0471-2546250 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**(ഉത്തരവിൻ പ്രകാരം )**

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

പകർപ്പ്:

1) പി.ആർ.യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജൻ്റ്
5) വെബ് സൈറ്റ്
6) സ്റ്റോക്ക് ഫയൽ